ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.0.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കാനഡയിൽ ഇന്ന് നടക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi to attend the G-7 summit in Canada today.**

2. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് പൂർണ്ണ പിന്തുണ നൽകി സൈപ്രസ്.

   **Cyprus extends its full support to India in its fight against cross-border terrorism.**

3. രാജ്യത്ത് രണ്ടായിരം ഡ്രൈവിംഗ് സ്കൂളുകൾ തുറക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി.

   **Union Minister Nitin Gadkari says that 2,000 driving schools will be opened in the country.**

4. ആക്രമണം തുടർന്ന് ഇറാനും ഇസ്രയേലും ; ഇറാൻറെ ഔദ്യോഗിക ടെലിവിഷൻ കേന്ദ്രത്തിൽ ബോംബാക്രമണം.

   **Iran and Israel continue to attack; Iran's official television station was bombed.**

5. ഇന്ന് മരുഭൂവൽക്കരണവും വരൾച്ചയും പ്രതിരോധിക്കുന്നതിനായുള്ള ലോക ദിനം.

Today is the World Day to Combat Desertification and Drought.

6. കേരളത്തിൽ നിലമ്പൂർ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.

Campaigning for the Nilambur constituency by-election in Kerala will end today.

7. ലോക ടെസ്റ്റ് ക്രിക്കറ്റ് ചാംപ്യൻഷിപ്പിന്റെ നാലാം പതിപ്പിന് ഇന്ന് തുടക്കം. ഹോക്കി പ്രോ ലീഗിൽ, ഇന്ത്യ-അർജൻറീന പോരാട്ടം.

The fourth edition of the World Test Cricket Championship begins today. In the Hockey Pro League, India-Argentina clash.

&&&&&&&&&&&&&&&&&&

**PM - CANADA**

കാനഡയിൽ ഇന്ന് വൈകുന്നേരം നടക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. തുടർച്ചയായി ഇത് ആറാം തവണയാണ് ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നത്. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരാമുള്ള രണ്ട് ദിവസത്തെ കാനഡ സന്ദർശന വേളയിൽ, നിരവധി ഉഭയകക്ഷി യോഗങ്ങളിലും പ്രധാനമന്ത്രി പങ്കെടുക്കും. നിർണായക ആഗോള വിഷയങ്ങളിൽ ജി-7 രാജ്യങ്ങളിലെ നേതാക്കളുമായും മറ്റ് ക്ഷണിക്കപ്പെട്ട രാജ്യങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാരുമായും പ്രധാനമന്ത്രി

കൂടിക്കാഴ്ച നടത്തും. ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യകളുടെ നവീകരണം, നിർമ്മിത ബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടക്കും

&&&&&&&&&&&&&&&&&&

**PM –CYPRUS–INTRO**

അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് എല്ലാ പിന്തുണയും ഉറപ്പ് നൽകി സൈപ്രസ്.ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി സൈപ്രസ്സിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസിഡൻറ് നിക്കോസ് ക്രിസ്റ്റോ ഡുലീഡ്സുമായി ഉഭയകക്ഷി ചർച്ച നടത്തി. തീവ്രവാദം, ആയുധ – ലഹരിക്കടത്തുകൾ എന്നിവ തടയുന്നതിന് ഇന്ത്യയും സൈപ്രസും തമ്മിൽ തത്സമയ വിവര കൈമാറ്റ സംവിധാനം വികസിപ്പിക്കാനുള്ള പദ്ധതികൾ ഇരുനേതാക്കളും പ്രഖ്യാപിച്ചു.

(വോയിസ്.....)

സൈപ്രസിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ "ഗ്രാൻഡ് ക്രോസ്സ് ഓഫ് ദി ഓർഡർ ഓഫ് മക്കാരിയോസ് " സൈപ്രസ് പ്രസിഡന്റ്, ശ്രീ നരേന്ദ്രമോദിക്ക് സമ്മാനിച്ചു.

&&&&&&&&&&&&&&&&&&

**YOGA – CROATIA**

അന്താരാഷ്ട്ര യോഗ ദിനം ആഘോഷിക്കുന്നതിനായി, ക്രൊയേഷ്യയിലെ ഇന്ത്യൻ എംബസി രാജ്യത്തുടനീളം നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു. ക്രൊയേഷ്യയിൽ യോഗ അതിവേഗം പ്രചാരം നേടുകയും ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന്റെ മൂന്നാമത്തെയും അവസാനത്തെയും പാദത്തിൽ അദ്ദേഹം നാളെ ഉച്ചകഴിഞ്ഞ് തലസ്ഥാനമായ സാഗ്രെബിൽ എത്തും. മധ്യ, തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യത്തേക്കുള്ള ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമായിരിക്കും ഇത്.

&&&&&&&&&&&&&&&&&&

**ISRAEL –IRAN**

ഇറാനിലെ ഔദ്യോഗിക ടെലിവിഷൻ ചാനലായ ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ ബ്രോഡ്കാസ്റ്റിങിന് നേരെ ഇസ്രയേൽ ആക്രമണം. തത്സമയ വാർത്താ അവതരണത്തിനിടെയാണ് ആക്രമണമുണ്ടായത്. ചാനൽ ആസ്ഥാനത്ത് കനത്ത നാശനഷ്ടമുണ്ടായതായാണ് റിപ്പോർട്ട്. ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയെ ഇസ്രായേൽ ലക്ഷ്യം വയ്ക്കുന്നതായുള്ള റിപ്പോർട്ടുകൾ തള്ളാൻ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വിസമ്മതിച്ചു. എന്നാൽ, ഖമേനിയെ വധിക്കാനുള്ള ഇസ്രായേലിന്റെ പദ്ധതികളോട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

വിയോജിച്ചതായി ഒരു യുഎസ് ഉദ്യോഗസ്ഥൻ അറിയിച്ചു. അതിനിടെ, ഇസ്രായിലിലെ ടെൽ അവീവിലും തുറമുഖ നഗരമായ ഹൈഫയിലും ഇറാൻ മിസൈൽ ആക്രമണം നടത്തി. ഒട്ടേറെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും സാധാരണ പൗരന്മാർക്ക് ജീവൻ നഷ്ടമാവുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## DESERTIFICATION

ഇന്ന് മരുഭൂവൽക്കരണവും വരൾച്ചയും പ്രതിരോധിക്കുന്നതിനായുള്ള ലോക ദിനം. ഇതോടനുബന്ധിച്ച് ജോധ്പൂരിൽ നടക്കുന്ന ദേശീയ ശിൽപശാലയിൽ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് അധ്യക്ഷത വഹിക്കും. "ഭൂമിയെ പുനഃസ്ഥാപിക്കുക. അവസരങ്ങൾ അനാവരണം ചെയ്യുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യം, സുസ്ഥിര ഗ്രാമവികസനം എന്നിവയ്ക്കായി ഭൂമിയെ വീണ്ടെടുക്കേണ്ടതിന്റെ പ്രാധാന്യം പരിപാടി ചർച്ച ചെയ്യും. കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് സന്നിഹിതനായിരിക്കും.

&&&&&&&&&&&&&&&&&&

## PIB FACT CHECK- AI-171 CRASH

അഹമ്മദാബാദ് വിമാന അപകടത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ചതായി

അവകാശപ്പെടുന്ന സന്ദേശം സർക്കാർ നിഷേധിച്ചു. സന്ദേശം വ്യാജമാണെന്നും റിപ്പോർട്ട് AAIB പ്രസിദ്ധീകരിച്ചിട്ടില്ല എന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു .

&&&&&&&&&&&&&&&&&&

## NILAMPUR BYELECTION

കേരളത്തിൽ നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനുള്ള തയ്യാറെടുപ്പിലാണ് മുന്നണികൾ. വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&&&&&

## TEST CHAMPAINSHIP

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാംപ്യൻഷിപ്പിന്റെ നാലാം പതിപ്പിന് ഇന്ന് തുടക്കം. ശ്രീലങ്കയും ബംഗ്ലാദേശും തമ്മിലാണ് ആദ്യ മത്സരം. കൊളംബോയിലെ ഗാലെ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് കളി നടക്കുന്നത്. രണ്ട് വർഷത്തെ കാലാവധിയാണ് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിനുള്ളത്.

&&&&&&&&&&&&&&&&&&

## CRICKET - INDIA U-19 REPLACEMENT

ഇംഗ്ലണ്ട് പര്യടനത്തിനുള്ള ഇന്ത്യൻ അണ്ടർ-19 ടീമിൽ നിന്ന് പരിക്കേറ്റ താരങ്ങളായ ആദിത്യ റാണയെയും ഖിലാൻ പട്ടേലിനെയും ഒഴിവാക്കി. ദീപേഷും, നമനും അവർക്ക് പകരക്കാരാകുമെന്ന് ബിസിസിഐ അറിയിച്ചു. ആയുഷ് മാത്രെ നയിക്കുന്ന യുവ ഇന്ത്യൻ ടീം ഇംഗ്ലണ്ടിൽ ഇന്ത്യ 5 ഏകദിനങ്ങളും 2 ടെസ്റ്റ് മത്സരങ്ങളും കളിക്കും.

&&&&&&&&&&&&&&&&&&

## WOMENS ODI WORLD CUP - SCHEDULE

ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന്റെ പൂർണ സമയക്രമം പ്രഖ്യാപിച്ച് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ. സെപ്റ്റംബർ 30 മുതൽ നവംബർ 2 വരെ ഇന്ത്യയിലും ശ്രീലങ്കയിലുമായാണ് മത്സരങ്ങൾ. ഇന്ത്യയാണ് മത്സരങ്ങൾക്ക് ഔദ്യോഗിക ആതിഥേയത്വം വഹിക്കുന്നതെങ്കിലും പാകിസ്ഥാന്റെ എല്ലാ മത്സരങ്ങൾക്കും ശ്രീലങ്കയാണ് നിഷ്പക്ഷ വേദി. സെപ്റ്റംബർ 30-ന് ബെംഗളൂരുവിലെ എം.ചിന്നസ്വാമി സ്റ്റേഡിയത്തിൽ ശ്രീലങ്കയ്ക്കെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

&&&&&&&&&&&&&&&&&&

## FIH WOMENS HOCKEY

എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ, ഇന്ത്യൻ വനിതാ ടീം അർജൻറീനയ്ക്കെതിരെ കളിക്കും. ഇന്നും നാളെയും

ലണ്ടനിലെ ലീ വാലി ഹോക്കി & ടെന്നീസ് സെൻററിലാണ് മത്സരം. നിലവിൽ ഒമ്പത് പോയിൻറുമായി ഇന്ത്യ ഏഴാം സ്ഥാനത്തതാണ്. പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തതാണ് അർജന്റീന.

&&&&&&&&&&&&&&&&&&&

**GADKARI - ROAD-INTRO**

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടായിരം ഡ്രൈവിംഗ് പരിശീലന സ്കൂളുകൾ തുറക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി ന്യൂഡൽഹിയിൽ അറിയിച്ചതാണ് ഇക്കാര്യം. പിന്നാക്ക, ആദിവാസി മേഖലകളിലായിരിക്കും പരിശീലന സ്കൂളുകൾ തുറക്കുന്നതെന്നും ഇത് യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് ഏകദേശം 22 ലക്ഷം ഡ്രൈവർമാരുടെ കുറവുണ്ടെന്നും ഈ പരിശീലന സ്കൂളുകൾ വൈദഗ്ധ്യമുള്ള ഡ്രൈവർമാരുടെ കുറവ് നികത്താൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(വോയിസ്)

&&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ ഇന്നും അതിശക്തമായ മഴ തുടരും. അതിതീവ്ര മഴ മുന്നറിയിപ്പായ ചുവപ്പ് ജാഗ്രത ഇന്ന് എവിടെയും പ്രഖ്യാപിച്ചിട്ടില്ല. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പടിഞ്ഞാറൻ-വടക്ക് പടിഞ്ഞാറൻ കാറ്റ് ശക്തമാണ്. കേരളതീരത്ത് 19-ാം തിയതിവരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്. ഇന്ന് കാസർകോട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. കുട്ടനാട് താലൂക്കിനും അവധി നൽകി. മുൻ നിശ്ചയ പ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമില്ല.

&&&&&&&&&&&&&&&&&&

## RAIN-KANNUR

കണ്ണൂരിൽ കനത്ത മഴ തുടരുകയാണ്. രാത്രിയിലും ശക്തമായ മഴ പെയ്തു. കൊട്ടിയൂർ ബാവലിപ്പുഴയിൽ കുളിക്കാനിറങ്ങിയ കാഞ്ഞങ്ങാട് ചാമുണ്ഡിക്കുന്ന് സ്വദേശി അഭിജിത്തിനായുള്ള തിരച്ചിൽ തുടരുന്നു. കൊട്ടിയൂരിൽ ദർശനത്തിനെ ത്തിയ കോഴിക്കോട് അത്തോളി സ്വദേശി നിശാന്തിനെ കണ്ടെത്താനുള്ള ശ്രമവും തുടരുകയാണ്

&&&&&&&&&&&&&&&&&&

## ALAPPUZHA-DEATH

ആലപ്പുഴ അർത്തുങ്കൽ ഫിഷ് ലാൻ്ററിനു സമീപം കടൽത്തിരത്ത് മൃതദേഹമടിഞ്ഞു. അപകടത്തിൽപ്പെട്ട കപ്പലിൽ നിന്നു കാണാതായ വിദേശ പൗരൻ എന്നാണ് പ്രാഥമിക വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## FATF – PAHALGAM ATTACK

ജമ്മു കശ്മീരിലെ പഗൽഗാം ഭീകരാക്രമണത്തെ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്-F A T F അപലപിച്ചു. സാമ്പത്തിക സഹായവും അത് സുഗമമായി കൈമാറ്റം ചെയ്യാനുള്ള അവസരവും ലഭിക്കാതെ ഭീകരവാദികൾക്ക് ഇത്തരം ഒരു ആക്രമണം നടത്താനാവില്ലെന്ന് F A T F പ്രസ്താവനയിൽ പറഞ്ഞു. ഒരു കമ്പനിക്കോ അതോറിറ്റിക്കോ രാജ്യത്തിനോ തീവ്രവാദത്തിൻറെ വെല്ലുവിളിയെ ഒറ്റയ്ക്ക് നേരിടാനാവില്ലെന്നും ആഗോള ഭീകരതയുടെ വിപത്തിനെതിരെ ലോകം ഒരുമിക്കണമെന്നും സംഘടന നേരത്തെ വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## CASTE CENSUS

എല്ലാർക്കുമൊപ്പം എല്ലാവർക്കും വികസനം എന്ന തത്വം അടിസ്ഥാനമാക്കിയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്നും ജാതി സെൻസസ് നടത്താനുള്ള തീരുമാനം അതിന്റെ തെളിവാണെന്നും കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. സ്വാതന്ത്ര്യസമര സേനാനി

ബുധു നോനിയയുടെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് പട്നയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വീടില്ലാത്ത എല്ലാവർക്കുംഅടച്ചുറപ്പുള്ള വീടുകൾ വീടുകൾ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. വനിതാ ശാക്തീകരണം ലക്ഷ്യമിട്ട് എൻഡിഎ സർക്കാർ നടപ്പാക്കുന്ന ലഖ്പതി ദീദി സംരംഭത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&